അപരിഷ്കൃത ചികിത്സകൾ

59 (766) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകരിച്ച ചികിത്സാ രീതികളല്ലാതെ മന്ത്രവാദത്തിലൂടെയും മറ്റും ചികിത്സ നടത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ മന്ത്രവാദത്തിലൂടെയും അംഗീകൃത ചികിത്സാരീതികളല്ലാത്ത അപരിഷ്കൃത ചികിത്സകൾ മൂലമായും രോഗികൾ മരണപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം തട്ടിപ്പുകൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പത്രമാധ്യമങ്ങളിലൂടെയും മറ്റും വ്യാപകമായി പരസ്യ പ്രചരണം നടത്തിവരുന്ന ഇത്തരക്കാരുടെ ആധികാരികത പരിശോധിയ്ക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ;

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓരോ ചികിത്സാമുറയെക്കുറിച്ചും ആരോഗ്യ ബോധവത്ക്കരണം ആരോഗ്യ വകുപ്പിലൂടെ നൽകിവരുന്നുണ്ട്. ഫീൽഡ് വർക്കർമാർ, ആശാപ്രവർത്തകർ, IEC/BCC വിഭാഗം മാധ്യമങ്ങൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ആരോഗ്യ ബോധവൽക്കരണം നൽകി വരുന്നുണ്ട്. തട്ടിപ്പുകൾക്കെതിരെ ആരോഗ്യ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അലോപ്പതി മരുന്നുകളുടെ ഉല്പാദനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

60 (767) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ ഉത്പാദനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എവിടെയൊക്കെ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം രോഗങ്ങൾക്കുള്ള മരുന്നുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2013-14-ലെ മൊത്തം വിറ്റുവരവ് എത്രയെന്നും ലാഭം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) മരുന്നുകളുടെ വിപണനത്തിനായി പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കലവൂരിലെ കേരള സ്റ്റേറ്റ് ആന്റ് ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ആണ് സംസ്ഥാനത്ത് അലോപ്പതി മരുന്ന നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനം.

(ബി) ആന്റി പൈറ്റിക്ക്, അനാൾജെസിക്ക്, അമോക്സ്സിലിൻ, ആംബിസില്ലിൻ മുതലായ ബ്രോഡ്സ്പെക്ട്രം ആന്റിബയോട്ടിക്, ആവശ്യമായ വിവിധതരം ഇൻജക്ഷനുകൾ/ഡയബറ്റിക്സിന് ആവശ്യമായ മരുന്നുകൾ, ഹൈപ്പർടെൻഷൻ സിയാറ്റിയ, ആന്റി അമീബിക്ക്, ഡീഹൈഡ്രേഷൻ ആൻഡി ഹെല്മെന്റിക്, ആന്റി അലെർജിക്ക് എന്നീ രോഗങ്ങൾക്കുള്ള മരുന്നുകളാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്.

(സി) 2013-14-ലെ മൊത്തം വിറ്റുവരവ് 2123 കോടി രൂപ, നഷ്ടം- 10.05 കോടി രൂപ.

(ഡി) മൊത്തം ഉല്പന്നം കെ.എം.എസ്.സി.എൽ. (കേരളം), എ.പി.എം.എസ്.ഐ.ഡി.സി. (ആന്ധ്രാപ്രദേശ്) എന്നീ സർക്കാർ നോഡൽ ഏജൻസികൾക്കാണ് നൽകുന്നത്. ഇതിനായി ഒരു മാർക്കറ്റിംഗ് വിഭാഗം പ്രവർത്തിച്ചു വരുന്നു.

ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം

61 (768) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly